MWS.8

തിരുവനന്തപുരം വിദ്യാഭ്യാസജില്ല

മലയാളം - കേരളപാഠാവലി

ക്ലാസ്സ് 10 -പാവങ്ങൾ

## സംവാദക്കുറിപ്പ് തയ്യാറാക്കുക

❖ 'ആരും കുറ്റവാളിയായി ജനിക്കുന്നില്ല.ജീവിതസാഹചര്യങ്ങളാണ് ഒരാളെ കുറ്റവാളിയാക്കിത്തീർക്കുന്നത്'-മെത്രാന്റെ വെള്ളിക്കരണ്ടികളും പാത്രങ്ങളും മോഷ്ടിച്ച കുറ്റവാളിയാണ് **ഴാങ് വാൽഴാങ്.** അയാളുടെ ഈ പ്രവൃത്തിയുടെയും മെത്രാന്റെ പ്രതികരണത്തിന്റെയും അടിസ്ഥാനത്തിൽ സംവാദക്കുറിപ്പ് തയ്യാറാക്കുക

## ❖ എന്താണ് സംവാദം

ഏതൊരു കാര്യത്തോടും ജനങ്ങൾ വ്യത്യസ്തരീതിയിലായിരിക്കും പ്രതികരിക്കുന്നത്.അനുകൂലിച്ചും എതിർത്തും അഭിപ്രായങ്ങൾ ഉണ്ടാകും.ഇവിടെ അഭിപ്രായ സംഘട്ടനം ഉണ്ടാവുക സ്വാഭാവികമാണ്.ഇത്തരം സാഹചര്യങ്ങളിൽ പ്രശ്നങ്ങളുടെ ഗുണദോഷവിചിന്തനം നടത്തി അഭിപ്രായസമന്വയമുണ്ടാക്കുക എന്ന ലക്ഷ്യമാണ് സംവാദത്തിലൂടെ സാധ്യമാക്കുന്നത്.

## *വിഷയം:-കുറ്റവാളികൾക്ക് നൽകേണ്ടത് ശിക്ഷയോ ?*

### ❖ പ്രതികൂലാഭിപ്രായം

- ചെറിയ തെറ്റിനാണ് 19 വർഷം ശിക്ഷ ലഭിച്ചത്.
- ദാരിദ്ര്യമാണ് മോഷണത്തിന് കാരണമായത്.
- ബോധവൽക്കരണമാണ് വേണ്ടത്.
- വിദ്യാഭ്യാസരീതി മാറണം. മാനവികതയ്ക്ക് പ്രാധാന്യം കൊടുക്കണം.
- ശിക്ഷ കടുപ്പിച്ചതുകൊണ്ട് കുറ്റകൃത്യങ്ങൾ കുറയുന്നില്ല.



### ❖ അനുകൂലാഭിപ്രായം

- ♦ റൊട്ടി മോഷണം തെറ്റുതന്നെയാണ്.
- ♦ വിശപ്പിന് പരിഹാരം മോഷണമാണോ?
- ♦ മാതൃകാപരമായ ശിക്ഷ ഉടനടി ലഭിക്കണം.
- ♦ മാതൃകാപരമായും ഉടനടിയുമുള്ള ശിക്ഷ കുറ്റകൃത്യങ്ങളുടെ അളവ് കുറയ്ക്കും.
- ♦ കടുത്ത കുറ്റങ്ങൾക്ക് കടുത്ത ശിക്ഷ തന്നെ നൽകണം.

*?ഈ അഭിപ്രായങ്ങൾ വായിച്ച് സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി സംവാദക്കുറിപ്പ് തയ്യാറാക്കുക*

MWS.9

തിരുവനന്തപുരം വിദ്യാഭ്യാസജില്ല

മലയാളം - കേരളപാഠാവലി

ക്ലാസ്സ് 10 -പാവങ്ങൾ

ഒറ്റവാക്യമാക്കുക

## മാതൃക

അയാളുടെ അപ്പോഴത്തെ ആലോചന കഴിയുന്നതും വേഗത്തിൽ കാര്യം കഴിച്ചുകൂട്ടണമെന്നു മാത്രമായിരുന്നു.അയാൾ ഒരടി മുന്നോട്ടുവെച്ച് മുറിക്കകത്തു കടന്നു.

ഉത്തരം

അയാളുടെ അപ്പോഴത്തെ ആലോചന കഴിയുന്നതും വേഗത്തിൽ കാര്യം കഴിച്ചുകൂട്ടണമെന്നു മാത്രമായതിനാൽ അയാൾ ഒരടിമുന്നോട്ടുവെച്ച് മുറിക്കകത്തു കടന്നു.

?മാതൃക വായിച്ചു നോക്കിയല്ലോ? താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ വായിച്ച് അർത്ഥവും ആശയവും ചോർന്നുപോകാതെ ഒറ്റവാക്യമാക്കിമാറ്റുക

- വാതിൽ തുറന്നു.അസാധാരണവും സംഭ്രാന്തവുമായ ഒരു ചെറിയ ആൾക്കൂട്ടം ഉമ്മറത്തെത്തി.
- മെത്രാൻ ഒരു നിമിഷ നേരത്തേയ്ക്ക് ഒന്നും മിണ്ടാതെ നിന്നു.തന്റെ സഗൗരവമായ ദൃഷ്ടിയെ അദ്ദേഹം മേല്പോട്ടുയർത്തി.
- വാതിലിന്റെ അടുത്ത് ഒരു മേശ കിടന്നിരുന്നു.അതിന്മേൽ വാതിൽ തട്ടി കോണിച്ചുപോയതുകൊണ്ട് അകത്തേയ്ക്ക് കടപ്പാനുള്ള വഴി തടയപ്പെട്ടു.
- പിറ്റേദിവസം രാവിലെ മോൺസിനേര്യർ തോട്ടത്തിൽ നടക്കുകയായിരുന്നു.തികഞ്ഞ സംഭ്രമത്തോടുകൂടി മദാം മഗ്ലാർ അദ്ദേഹത്തിന്റെ അടുക്കലേയ്ക്കു പാഞ്ഞുചെന്നു.
- ചാടിപ്പോവുന്ന ഒരുവന്റെ മട്ടിലാണ് ഇയാൾ നടന്നിരുന്നത്.കഥയെന്തെന്നറിയട്ടെ എന്നുവച്ച് ഞങ്ങൾ തടഞ്ഞു നിർത്തി.ഈ വെള്ളിസ്സാമാനം ഇയാളുടെ പക്കലുണ്ടായിരുന്നു.